# പെൺവായനയുടെ പിന്നാമ്പുറങ്ങൾ

എം. എം. അക്ബർ

സ്ത്രീകളെ പീഡിപ്പിക്കുകയും അവരുടെ അവകാശങ്ങളെല്ലാം നിഷേധിക്കുകയും ചെയ്യുന്ന ദർശനമാണ് ഇസ്‌ലാം എന്ന പ്രചണ്ഡമായ പ്രചാരണങ്ങൾക്കു നടുവിലും സത്യമതം സ്വീകരിക്കുന്ന വനിതകളുടെ എണ്ണം വർധിച്ചുവരികയാണെന്ന വസ്തുത ഇസ്‌ലാംവിരുദ്ധ ബുദ്ധിജീവികളെ വല്ലാതെ അസ്വസ്ഥരാക്കുന്നുണ്ട്. പാശ്ചാത്യലോകത്തുനിന്ന് ഇസ്‌ലാം സ്വീകരിക്കുന്ന അഞ്ചുപേരിൽ നാലും വനിതകളാണെന്നതിനു പിന്നിലുള്ള കാരണമന്വേഷിക്കുകയാണ് നെതർലാൻറ്സിലെ സോഷ്യൽ ആന്ത്രോ പോളജിസ്റ്റായ കരിൻ വാൻ ന്യൂകെർക്കിൻെറ 'ഇസ്‌ലാം സ്വീകരിക്കുന്ന സ്ത്രീകൾ- ലിംഗവും പരിവർത്തനവും പാശ്ചാത്യലോകത്ത്' എന്ന ഗ്രന്ഥം. പാശ്ചാത്യ വനിതകൾ ഇസ്‌ലാം സ്വീക രിക്കുന്നതിലുള്ള പരിതാപത്തിൽ കലർന്നതാണ് പുസ്തകത്തിൻെറ പൊതുവായ ആലേഖനമെങ്കിലും വസ്തുനിഷ്ഠമായ കുറെയേറെ അറിവുകൾ നൽകുന്നതാണത്. മധ്യപൗരസ്ത്യ പ്രദേശത്തുനിന്ന് പഠിക്കാൻ വരുന്ന പുരുഷന്മാരുടെ സൗഹൃദവലയത്തിൽ കുരുങ്ങിയാണ് പാശ്ചാത്യ വനിതകൾ ഇസ്‌ലാമിലെത്തിച്ചേരുന്നത് എന്ന പതിവു വർത്തമാനം പറയുന്നതിനു പകരം ഇസ്‌ലാമിൻെറ ദാർശനികവും ധൈഷണികവുമായ സവിശേഷതകളാണ് ഇസ്‌ലാമിലേക്ക് വനിതകളെ ആകർഷിക്കുന്നതെന്നും പടിഞ്ഞാറിൻെറ കുടുംബ ശൈഥില്യത്തിനും ലൈംഗികവൽകരണത്തിനും നടുവിൽ ജീവിക്കുന്നവർ ഇസ്‌ലാമിൻെറ ധാർമിക നിയമങ്ങളിൽ ആശ്വാസം കണ്ടെത്തുക സ്വാഭാവികമാണെന്നും ന്യൂകെർക്ക് നിരീക്ഷിക്കുന്നുണ്ട്. സ്രഷ്ടാവിനും സൃഷ്ടികൾക്കുമിടയിൽ യാതൊരുവിധ മറയുമില്ലെന്ന ഇസ്‌ലാമികാധ്യാപനമാണ് തങ്ങളുടെ പ്രശ്നങ്ങളും പ്രതിസന്ധികളുമെല്ലാം സമർപ്പിക്കുവാൻ ഒരു അത്താണി തേടിക്കൊണ്ടിരിക്കുന്ന വനിതകളിൽ മിക്കവരെയും ആകർഷിച്ചതെന്ന് അവർ തുറന്നു പറയുമ്പോൾ ആത്മീയാധമത്വങ്ങളിൽ നിന്ന് മനുഷ്യരെ മോചിപ്പിച്ച് സ്രഷ്ടാവും സംരക്ഷകനുമായവൻെറ സവിധത്തിലെത്തിക്കുന്ന- അവനെ മാത്രം ആരാധിക്കുകയും അവനിൽ കാര്യങ്ങളെല്ലാം ഭരമേൽപിക്കുകയും അവനു ജീവിതത്തെ മൊത്തത്തിൽ സമർപ്പിക്കുകയും ചെയ്യുന്ന ഇസ്‌ലാമിൻെറ അദ്വിതീയമായ ദാർശനികാടിത്തറ അന്യൂനമാണന്ന വസ്തുത അവർ അറിയാതെ അംഗീകരിക്കുകയാണ്. ഇസ്‌ലാമിൻെറ ആത്മീയതയാണ് പാശ്ചാത്യ വനിതകളെ ആകർഷിക്കുന്നതെന്ന സത്യം തുറന്നു പറയാൻ ആർജവം കാണിക്കുന്നുവെന്നതാണ് ഈ പുസ്തകത്തെ വ്യതിരിക്തമാക്കുന്ന സവിശേഷത.

ന്യൂകെർക്കിൻെറ പുസ്തകത്തെപ്പറ്റി ഇവിടെ പരാമർശിക്കുവാൻ പ്രത്യേകമായ ഒരു കാരണമുണ്ട്. ഈ പുസ്തകത്തിലെ ആശയങ്ങൾ ചർച്ച ചെയ്യപ്പെട്ട ശേഷമുള്ള 'ഇസ്‌ലാമിക് ഫെമിനിസ്റ്റു'കളുടെ സമീപനങ്ങളിൽ വന്ന മാറ്റം പ്രത്യേകം ശ്രദ്ധേയമാണ്. ഇസ്‌ലാം സ്ത്രീകളെ അടിച്ചമർത്തുകയും നിയമങ്ങൾ അടിച്ചേൽപിക്കുകയുമാണ് ചെയ്യുന്നത് എന്ന പതിവു പല്ലവിക്കു പകരം ഇസ്‌ലാം 'അനുവദിച്ച' അവകാശങ്ങൾ തിരിച്ചുപിടിക്കുകയാണ് വേണ്ടതെന്ന പ്രബോധനത്തിനാണ് ഫെമിനിസ്റ്റുകൾ പ്രാധാന്യം നൽകുന്നത്. പുരുഷാധിപത്യ ഇസ്‌ലാമാണ് മുഹമ്മദ് നബി(സ) അനുവദിച്ച അവകാശങ്ങളെ അനുവദിക്കാതെ പിടിച്ചുവെക്കുന്നതെന്നും ആൺകോയ്മയിൽ നിന്ന് ഇസ്‌ലാമിനെ രക്ഷിക്കുവാനാവശ്യമായ പെൺവായനകളാണ് ഇസ്‌ലാമിക ലോകത്തുനിന്നുണ്ടാകേണ്ടതെന്നുമുള്ള 'പോസിറ്റീവ്' ആയ നിർദേശങ്ങളാണ് ഇന്നു വന്നുകൊണ്ടിരിക്കുന്നത്. ഇസ്‌ലാമിക് ഫെമിനിസത്തിൻെറ ആചാര്യയായി അറിയപ്പെടുന്ന ഫാത്തിമ മെർനിസ്സി എഴുത്തു നിർത്തിയിടത്തുനിന്നാണ് മുസ്‌ലിം പണ്ഡിതയായി വിശേഷിപ്പിക്കപ്പെടുന്ന പ്രൊഫ. ആമിനാ വദൂദ് തൻെറ രചനകൾ ആരംഭിക്കുന്നതെന്നത് കേവല യാദൃച്ഛികതയൊന്നുമല്ല. ആമിനാ വദൂദിൻെറ ഇസ്‌ലാമിക പ്രമാണങ്ങളുടെ പെൺവായനയാണ് ന്യൂയോർക്കിലെ ഒരു ചർച്ച് ഹാളിൽ വെച്ച് വെള്ളിയാഴ്ച ഖുത്വുബ നിർവഹിച്ചു കൊണ്ട് 'പെൺവിമോചന'ത്തിൻെറ പുതിയ അധ്യായങ്ങൾ തുറക്കാൻ അവർക്ക് പ്രചോദന

മായത്. ഈ പെൺവായനയും ഇസ്‌ലാമിനെ തമസ്കരിക്കുവാൻ വേണ്ടിയുള്ളഗൂഢശ്രമങ്ങളുടെ ഭാഗമാണെന്ന് വദൂദിൻെറ പുറത്തിറങ്ങിയ രണ്ടു പുസ്തകങ്ങളെ സൂക്ഷ്മമായി അപഗ്രഥിച്ചാൽ ബോധ്യമാവും.

യഥാർഥമായ ആത്മീയത അന്വേഷിക്കുന്ന അബലകളായ സ്ത്രീകൾ സ്വാഭാവികമായും ഇസ്‌ലാമിലെത്തിച്ചേരും. മുസ്‌ലിമായിക്കഴിഞ്ഞ അവരെ ഇസ്‌ലാമിൻെറ കുടക്കീഴിൽ തന്നെ നിലനിർത്തി ഇസ്‌ലാം വിരുദ്ധരാക്കിത്തീർക്കുവാനുള്ള കെണികളുണ്ടാക്കുകയാണ് ഇസ്‌ലാമിക് ഫെമിനിസ്റ്റുകൾ ചെയ്യുന്നതെന്ന് വ്യക്തമാണ്. പ്രബോധകർ ഏറെ ശ്രദ്ധിക്കേണ്ട മേഖലയാണിത്. ഇസ്‌ലാം സ്ത്രീക്കു നൽകിയ അവകാശങ്ങളെ പ്രകീർത്തിച്ചുകൊണ്ട് രംഗത്തെത്തുന്ന പെൺവായനക്കാരുടെ കുതന്ത്രങ്ങളെക്കുറിച്ചറിയാതെ പ്രബോധകർ പോലും അവരുടെ കെണികളിൽ അകപ്പെട്ടു പോകാറുണ്ട്. ഇസ്‌ലാമിക പ്രബോധന രംഗത്തുള്ള വനിതകളെയാണ് അവർ ആദ്യം പിടികൂടുക. പെൺവായനയുടെ പേരിൽ ഹദീഥ് നിഷേധികളും ശരീഅത്ത് നിഷേധികളുമാക്കിത്തീർക്കുവാനാണ് അവർ പരിശ്രമിക്കുക. വിശുദ്ധ ഖുർആനും നബിചര്യയും പ്രവാചകനിൽ (സ) നിന്ന് നേരിട്ട് മതം പഠിച്ച ഉത്തമ തലമുറക്കാർ മനസ്സിലാക്കിയതു പോലെയേ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്തുകൂടൂ എന്ന് നിഷ്കർഷ പുലർത്തുന്നവരെ വഴിതെറ്റിക്കുവാൻ വിഷമമാണ്. ആ നിഷ്കർഷ തന്നെയാണ് സകല വ്യതിയാനങ്ങളിൽ നിന്നും രക്ഷപ്പെടാനും ശാശ്വത സ്വർഗത്തിലെത്തിച്ചേരുവാനും നമ്മെ പ്രാപ്തമാക്കുന്നത്. അല്ലാഹു അനുഗ്രഹിക്കട്ടെ-ആമീൻ.